(ബി) ഐ.റ്റി. വ്യവസായ സംരംഭങ്ങൾക്കായി നിർമ്മിച്ച നില, പമ്പ, പെരിയാർ, ഭവാനി, ഗായത്രി തുടങ്ങിയ പത്തോളം കെട്ടിട സമുച്ചയങ്ങൾ, വിവിധ ഇലക്ട്രിക് സബ് സ്റ്റേഷനുകൾ, റോഡുകൾ, കുളങ്ങൾ ഉൾപ്പെടെയുള്ള ജല സ്രോതസുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്ക് ഉപയോഗിച്ചതു കൂടാതെ ഏകദേശം 54 ഏക്കർ സ്ഥലം വിവിധ കമ്പനികൾക്ക് നൽകിയിട്ടുണ്ട്.

(സി) ഇനി ഏകദേശം 10 ഏക്കർ സ്ഥലം കമ്പനികൾക്ക് നൽകുവാനായി ബാക്കിയുണ്ട്.

ടെക്നോപാർക്ക് അതിന്റെ ഫണ്ട് സ്വകാര്യ ബാങ്കിൽ നിക്ഷേപിച്ച നടപടി

27 [457] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്ക് അതിന്റെ ഏതെങ്കിലും ഫണ്ട് ഏതെങ്കിലും സമയത്ത് സ്വകാര്യ ബാങ്കിൽ നിക്ഷേപിക്കുകയുണ്ടായോ;

(ബി) എങ്കിൽ എത്ര കോടി രൂപ എത്ര കാലത്തേക്ക് ഏത് സ്വകാര്യ ബാങ്കിൽ നിക്ഷേപിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) സ്വകാര്യ ബാങ്കിൽ ഫണ്ട് നിക്ഷേപിക്കാനിടയായ സാഹചര്യവും ദേശസാൽകൃത ബാങ്കിലേക്ക് പ്രസ്തുത തുക പിന്നീട് മാറ്റാനിടയായ സാഹചര്യവും എന്താണെന്ന് വിശദമാക്കാമോ;

(ഡി) സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ ഫണ്ട് നിക്ഷേപം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനം ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ക്രമരഹിതമായി പ്രവർത്തിച്ചവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു കോടി രൂപ 15 ദിവസത്തേക്കും ഒരു കോടി രൂപ 90 ദിവസത്തേക്കും ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന ഇൻഡസ് ഇൻഡ് ബാങ്കിൽ നിക്ഷേപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ടെക്നോ പാർക്കിൽ പ്രവർത്തിക്കുന്ന ഒരു ബാങ്ക് എന്ന നിലയിലും കൂടുതൽ പലിശ ലഭിക്കും എന്നുള്ളതുകൊണ്ടുമാണ് പ്രസ്തുത തുക ഇൻഡസ് ഇൻഡ് ബാങ്കിൽ നിക്ഷേപിച്ചത്. ടെക്നോപാർക്കിൽ ബില്ലുകൾ പേയ്മെന്റ് ചെയ്യാൻ തുക കുറവായപ്പോൾ ആ തുക തിരിച്ചെടുത്ത് എസ്.ബി.ഐ. യിൽ നിക്ഷേപിച്ചു.

(ഡി) ടെക്നോപാർക്കിന്റെ നിയമാവലിയിലും, MOA-യിലും പറയുന്നതനുസരിച്ച് പൊതുമേഖല, കൊമേഴ്സൽ ബാങ്കുകൾ ഇവയിൽ പണം നിക്ഷേപിക്കാം. അതനുസരിച്ചാണ് പണം ഈ ബാങ്കിൽ നിക്ഷേപിച്ചത്. ഇൻഡസ് ഇൻഡ് ബാങ്ക് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള കൊമേഴ്സ്യൽ ബാങ്കാണ്. പ്രസ്തുത തുക സർക്കാർ ഫണ്ട് അല്ല. ടെക്നോപാർക്കിലെ വിവിധ കമ്പനികളിൽ നിന്നും ലഭിച്ച സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ ഒരു ഭാഗമാണ്. 2001-04-ലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും ഗ്രാന്റ്-ഇൻ-എയ്ഡ് ആയി നൽകുന്ന തുക ട്രഷറിയിൽതന്നെ നിക്ഷേപിക്കണമെന്ന് ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലെ വിവിധ പെൻഷൻ പദ്ധതികൾ

28 [458] ശ്രീമതി ഗിരിജാസുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ വരുന്ന വിവിധ പെൻഷൻ പദ്ധതികൾ ഏതെല്ലാം; പ്രസ്തുത പെൻഷൻ പദ്ധതികളുടെ മാനദണ്ഡം എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും പുതിയ പെൻഷൻ പദ്ധതി സാമൂഹ്യ ക്ഷേമവകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവയിൽ എത്ര മാസത്തെ കുടിശ്ശികയാണുള്ളത്; അത് എത്ര രൂപയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പെൻഷൻ തുക കുടിശ്ശിക തീർത്ത് എന്നത്തേക്ക് വിതരണം ചെയ്യുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പു വഴി നടപ്പാക്കുന്ന പെൻഷൻ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly